**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2378** **02-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പണി പൂർത്തിയായ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റു ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും, അനുമതി ലഭ്യമാക്കുന്നതും ''റൈറ്റ് ഓഫ് വേ' (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റു വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡു കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈൻ ആയി ലഭ്യമാകുന്ന അപേക്ഷകളും നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരു അളവുവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം എത്ര കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്ത് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടുകൂടി റോഡുകൾ വെട്ടിപൊളിക്കുമ്പോൾ ഇവ നികത്തുന്നതിനാവശ്യമായ റീസ്റ്റോറേഷൻ ചാർജ് അംഗീകരിച്ച നിരക്കുകൾ പ്രകാരം ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ഈടാക്കി റീസ്റ്റോറേഷൻ പ്രവൃത്തികൾ ഏർപ്പാട് ചെയ്യുന്നതിനാൽ ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന് നഷ്ടം ഒന്നും സംഭവിക്കുന്നില്ല. |
| (സി) | കിഫ്ബി പദ്ധതികളിലൂടെ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന റോഡുകൾ അടക്കമുള്ള | (സി) | കിഫ്ബിയിൽ ഉൾപ്പെടുന്ന വൻകിട റോഡുനിർമ്മാണ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | പൊതുമരാമത്ത് പ്രവൃത്തികൾ 2021-22 സാമ്പത്തിക വർഷം മുതൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ തന്നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കെ.ആർ.എഫ്.ബി (പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലാ തലത്തിൽ കെ.എർ.എഫ്.ബി യുടെ നിർവ്വഹണ കാര്യാലയങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനു വേണ്ടിയാണ് ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് |
| (ഡി) | എങ്കിൽ ആയതിന്റെ കാരണമെന്താണെന്നാണ് പൊതുമരാമത്ത് വകുപ്പ് കരുതുന്നത്; വ്യക്തമാക്കുമോ? | (ഡി) | കിഫ്ബിയിൽ ഉൾപ്പെടുന്ന വൻകിട റോഡുനിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ തന്നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കെ.ആർ.എഫ്.ബി (പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലാ തലത്തിൽ കെ.എർ.എഫ്.ബി യുടെ നിർവ്വഹണ കാര്യാലയങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനു വേണ്ടിയാണ് ഇത്തരത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ